# കേരള കാർഷിക സർവകലാശാല
## കാർഷിക ഗവേഷണ കേന്ദ്രം മണ്ണുത്തി, തൃശ്ശൂർ – 680651
ഇമെയിൽ: **arsmannuthy@kau.in**;
ഫോൺ: **04872 370726, 9446 370726**


**നമ്പർ: ബി/3728/2024(i)** **തിയതി: 11/12/2024**

<u>ലേല/ക്വട്ടേഷൻ നോട്ടീസ്</u>

ഈ കേന്ദ്രത്തിന്റെ [കേരള കാർഷിക സർവകലാശാലയുടെ മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രം] ഫാമിലെ G, H, K, L, N, Hill Area ബ്ലോക്കുകളിലുള്ള താഴെ ചേർക്കുന്ന പട്ടിക പ്രകാരമുള്ള വിവിധയിനം ഫലവൃക്ഷങ്ങളിൽ നിന്നുള്ള വരുന്ന സീസണിലെ ആദായം വിളവെടുപ്പിനുള്ള അവകാശം, മത്സരാടിസ്ഥാനത്തിലുള്ള ലേലം/രഹസ്യ ക്വട്ടേഷൻ അടിസ്ഥാനത്തിൽ വിൽക്കപ്പെടുന്നതാണ്. ആയതിനു നൽകാൻ ഉദ്ദേശിക്കുന്ന പരമാവധി വില [ഓരോ ഇനത്തിനും പ്രത്യേകം] അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തിയ ക്വട്ടേഷൻ, "ഫലവൃക്ഷങ്ങളിൽ നിന്നുള്ള ആദായം വിളവെടുക്കുന്നതിനുള്ള ക്വട്ടേഷൻ" എന്നെഴുതിയ കവറിനുള്ളിൽ നിക്ഷേപിച്ച് മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രം മേധാവിക്ക് [Professor & Head, Agricultural Research Station, Mannuthy, Thrissur – 680651] നേരിട്ടോ തപാലിലോ സമർപ്പിക്കേണ്ടതാണ്.

| നം: | ഇനം [കാലാവധി] | ബ്ലോക്ക് | നിരത ദ്രവ്യം |
|---|---|---|---|
| 1 | 180 പ്ലാവ് [2025 ജൂലൈ 31 വരെ] | G,H,K,L,N & Hill area | 2000 |
| 2 | 80 കശുമാവ് [2025 ജൂൺ 30 വരെ] | " | 1000 |
| 3 | 40 സപ്പോട്ട [2025 ഡിസംബർ 31 വരെ] | " | 500 |
| 4 | 17 പുള/പഞ്ഞി [2025 ജൂൺ 30 വരെ] | " | |

| | |
|---|---|
| ക്വട്ടേഷൻ സ്വീകരിക്കുന്ന സമയം | 19/12/2024 പകൽ 11:00 മണി വരെ |
| ലേലത്തിനു രജിസ്റ്റർ ചെയ്യേണ്ട സമയം | 19/12/2024 പകൽ 10:30 നും 11:00 നും ഇടയ്ക്ക് |
| ലേലം തുടങ്ങുന്ന സമയം | 19/12/2024 പകൽ 11:00 മണി |
| ക്വട്ടേഷൻ തുറക്കുന്ന സമയം | ലേലത്തിനു ശേഷം |

ക്വട്ടേഷൻ/ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്ക് ലേലത്തിനു മുൻപുള്ള ദിവസങ്ങളിൽ രാവിലെ 10:30 മുതൽ വൈകുന്നേരം 04:00 വരെയുള്ള സമയത്ത് ഫാം സൂപ്രണ്ടിന്റെ അനുമതിയോടെ ഫാം സന്ദർശിക്കാവുന്നതാണ്. ലേലം/ക്വട്ടേഷനിൽ ഏർപ്പെടുന്നവർ നിരതദ്രവ്യമായി ഒടുക്കേണ്ടതായ തുക ഈ കേന്ദ്രത്തിൽ നേരിട്ട് പണമായോ, Professor & Head, Agricultural Research Station, Mannuthy, എന്ന പേരിൽ എടുത്ത, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഒല്ലൂക്കര ശാഖയിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് മുഖേനയോ അടവാക്കേണ്ടതാണ്.

നിശ്ചിത സമയം വരെ ലഭിച്ച ക്വട്ടേഷനുകൾ ലേലത്തിനു ശേഷം തുറന്നു പരിശോധിക്കുന്നതാണ്. ലേലത്തിൽ വിളിക്കപ്പെട്ട ഏറ്റവും ഉയർന്ന തുകയോ, ലഭ്യമായ ക്വട്ടേഷനുകളിൽ രേഖപ്പെടുത്തിയ ഏറ്റവും

ഉയർന്ന തുകയോ, ഏതാണോ കൂടുതൽ, ആയത് തൽസമയം വാക്കാൽ ഉറപ്പിക്കുന്നതാണ്. അപ്രകാരം ഉറപ്പിക്കുന്ന തുകയുടെ മൂന്നിലൊന്ന് തൽസമയവും, ബാക്കി നിൽക്കുന്ന തുക രണ്ടാഴ്ചക്കകവും ഈ കേന്ദ്രത്തിൽ അടവാക്കേണ്ടതാണ്. ടിയാൻ ഈ കേന്ദ്രം മേധാവിയുമായി 200 രൂപാ മൂല്യമുള്ള കേരള സർക്കാർ മുദ്രപത്രത്തിൽ ഒരു നഷ്ടോത്തര കരാർ ചമക്കേണ്ടതും, ആധാർ കാർഡ്, പാൻ കാർഡ് തുടങ്ങിയവയുടെ പകർപ്പുകൾ ഹാജരാക്കേണ്ടതുമാണ്.

സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും മാത്രം വിളവെടുക്കേണ്ടതും നീക്കം ചെയ്യേണ്ടതാണ്. ഫാം അവധി ദിവസങ്ങളിൽ വിളവെടുപ്പ് നടത്താൻ പാടുള്ളതല്ല. വിളവെടുപ്പു നടത്തുന്ന ദിവസം മുൻകൂട്ടിത്തന്നെ ഈ കേന്ദ്രത്തിൽ അറിയിക്കേണ്ടതും, ഫാം സൂപ്രണ്ടിന്റെയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെയോ സാന്നിദ്ധ്യത്തിൽ മാത്രം വിളവെടുപ്പു നടത്തേണ്ടതുമാണ്. ഓരോ ദിവസവും വിളവെടുക്കുന്ന ആദായം ഈ ഓഫിസിൽ നിന്നുള്ള ഗേറ്റ് പാസു വാങ്ങി അന്നന്നു തന്നെ ഫാമിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്. അവ ഫാമിൽ സൂക്ഷിക്കാൻ അനുവദിക്കുന്നതല്ല. ഈ കേന്ദ്രത്തിന്റെ സ്ഥാവര-ജംഗമ വസ്തുക്കൾക്കോ മറ്റു വസ്തുവകകൾക്കോ കേടുപാടുകൾ വരാൻ പാടില്ലാത്തതാണ്. അപ്രകാരം പ്രവർത്തിക്കുന്നതിൽ വീഴ്ച വരുന്ന പക്ഷം ടിയാൻ കെട്ടിവെച്ചിരിക്കുന്ന നിരതദ്രവ്യം മറ്റൊരറിയിപ്പൊന്നും കൂടാതെതന്നെ സർവകലാശാലയിലേക്ക് മുതൽ കൂട്ടുന്നതും, ക്വട്ടേഷൻ റദ്ദാക്കുന്നതും, ആദായം മറ്റു വിധത്തിൽ വില്പന നടത്തുന്നതുമാണ്. തന്മൂലം സർവകലാശാലക്കുണ്ടാകുന്ന നഷ്ടം ടിയാനിൽ നിന്നും സർക്കാർ നിയമപ്രകാരം ഈടാക്കുന്നതുമാണ്.

ലേലം/ക്വട്ടേഷൻ സംബന്ധിച്ച ഏതു കാര്യത്തിലും അവസാന തീരുമാനം കൈക്കൊള്ളുന്നതിനുള്ള അവകാശം ഈ കേന്ദ്രം മേധാവിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. ലേലം/ക്വട്ടേഷനുകളുമായി ബന്ധപ്പെട്ട കേരള സർക്കാരിന്റെയും കേരള കാർഷിക സർവകലാശാലയുടെയും എല്ലാ നിയമങ്ങളും നിബന്ധനകളും നിർദേശങ്ങളും ഈ ലേലം/ക്വട്ടേഷനും ബാധകമാണ്. നിശ്ചയിക്കപ്പെട്ട ലേല ദിവസം ഏതെങ്കിലും കാരണവശാൽ അവധിയായി വരികയാണെങ്കിൽ, തൊട്ടടുത്ത പ്രവൃത്തി ദിവസം അതേസമയത്തു തന്നെ ലേലം നടത്തുന്നതാണ്.

11/12/24

പ്രൊഫസർ & ഹെഡ്

Professor & Head
Agricultural Research Sta.
Mannuthy - 680 651

സ്വീകർത്താവ്: നോട്ടീസ് ബോർഡ് – കാർഷിക ഗവേഷണ കേന്ദ്രം, മണ്ണുത്തി;
വിജ്ഞാന വ്യാപന ഡയറക്ടറേറ്റ്, മണ്ണുത്തി;
ആറ്റിക്, മണ്ണുത്തി

പകർപ്പ് : ഫാം സൂപ്രണ്ട്